**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2937** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് നൽകി വരുന്നതിൽ പക്ഷാഘാതം വന്ന് തൊഴിലെടുക്കാൻ കഴിയാതെ കഷ്ടപ്പെടുന്നവരെക്കൂടി പരിഗണിക്കുമോ; | (എ) | നിലവിൽ ഫിഷറീസ് വകുപ്പ് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മുഖേനയാണ് അംഗങ്ങളെ ഇൻഷ്വർ ചെയ്തിട്ടുള്ളത്. അപകടം മൂലമുള്ള ക്ലെയിമുകൾ മാത്രമാണ് ടി പദ്ധതി പരിരക്ഷയിൽ ഉൾപ്പെടുന്നത്. തനതുവർഷം അംഗീകാരം ലഭിച്ച തീരാരോഗ്യം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പക്ഷാഘാതം വന്നവർക്ക് തുടർ ചികിത്സാ സഹായം ലഭ്യമാക്കുന്നത് പരിശോധിച്ചു വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് സമയബന്ധിതമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ; എന്നുവരെയുള്ള നഷ്ടപരിഹാരം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട് ? | (ബി) | മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ് അപേക്ഷകളിൽ കൃത്യമായ രേഖകൾ ഉള്ളവ സമയബന്ധിതമായി തീർപ്പാക്കി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. 2021 ആഗസ്റ്റ് വരെ ഇൻഷ്വറൻസ് കമ്പനി അനുവദിച്ച ക്ലെയിം തുകകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ